കേരള സർക്കാർ

*സംഗ്രഹം*

വ്യാവസായിക പരിശീലന വകുപ്പ് അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (എം.എസ്) നം. 46/2014/തൊഴിൽ — തിരുവനന്തപുരം, തീയതി 24.4.2014

---

പരാമർശം- 1. കേന്ദ്ര തൊഴിൽ മന്ത്രാലയം 27.9.2013 - ൽ പുറപ്പെടുവിച്ച ജി.എസ്.ആർ. 662 (ഇ) നമ്പർ ഗസറ്റ് വിജ്ഞാപനം.

2. ട്രെയിനിംഗ് ഡയറക്ടറുടെ 4.12.2013-ാം തീയതിയിലെ എഫ്1/31761/2010 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര തൊഴിൽ മന്ത്രാലയം വിവിധ ട്രേഡ് അപ്രന്റീസുകളുടെ പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക് 27.9.2013 മുതൽ വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

2. മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ വിവിധ എസ്റ്റാബ്ലിഷ്മെന്റുകളിലെ ട്രേഡ് അപ്രന്റീസുകൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് നൽകണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് സംസ്ഥാനത്തെ വിവിധ എസ്റ്റാബ്ലിഷ്മെന്റുകളിലെ ട്രേഡ് അപ്രന്റീസുകൾക്ക് 27.9.2013 തീയതി പ്രാബല്യത്തോടെ നല്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

JAA (C)
The document should be uploaded to the Department website
ADT 13/05/14

ഒന്നാം വർഷം - 2,100/- രൂപ (പ്രതിമാസം)
രണ്ടാം വർഷം - 2,400/ രൂപ (പ്രതിമാസം)
മൂന്നാം വർഷം - 2,800/ രൂപ (പ്രതിമാസം)
നാലാം വർഷം - 3,100/ രൂപ (പ്രതിമാസം)

4. മേൽ വിവരിച്ച പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ്/സ്ഥാപനങ്ങൾ ട്രേഡ് അപ്രന്റീസുകൾക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പരസ്യപ്പെടുത്തുന്നതിനായി)
വിവര പൊതുജന സമ്പർക്ക വകുപ്പ് ( ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)
ധനകാര്യ വകുപ്പ് ( vide U.O. No. 1143/H & L - B1/14/Fin. Dated 28.2.2014)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

F1
30/04/14

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

Endorsement No. F1/31761/10 date 9.05.14

Copy communicated to all officers with direction to communicate to all establishment coming under Apprenticeship Act 1961 for information and necessary action.